**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1081** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റിയുടെ ജലേതര വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല അതോറിറ്റിയുടെ ജലേതര വരുമാനം ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഗസ്റ്റ് ഹൗസുകൾ വാടകയ്ക്ക് നൽകുക, അതോറിറ്റിയുടെ അധീനതയിലുള്ള സ്ഥലങ്ങൾ ഷൂട്ടിങ്/മാർക്കറ്റിംഗ് ആവശ്യത്തിന് നൽകുക, പാർക്കിംഗ് സൗകര്യങ്ങൾ<br>അനുവദിക്കുക, ജല ഭവനിലെ ഹാൾ/ട്രെയിനിങ് സെന്റർ വാടകയ്ക്ക് നൽകുക, വാസ്കോൺ വിഭാഗം മുഖേന എഞ്ചിനീയറിംഗ് കൺസൽട്ടൻസി സേവനങ്ങൾ തുടങ്ങിയവയാണ് നിലവിൽ ജലേതര<br>വരുമാനമാർഗങ്ങൾ. |
| (ബി) | ജല അതോറിറ്റിയുടെ എഞ്ചിനീയറിങ്, ലാബ് സംവിധാനങ്ങൾ ഉപയോഗിച്ച് തൊഴിൽ പരിശീലനങ്ങൾ നല്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാമോ; | (ബി) | കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ട്രെയിനിംഗ് സെന്റർ, ലാബ് സംവിധാനങ്ങൾ ഉപയോഗിച്ചും, പുതിയ ലാബ് സംവിധാനങ്ങൾ (എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് യൂണിറ്റ്, മെറ്റീരിയൽ ടെസ്റ്റിംഗ് ലാബ്) ആരംഭിച്ചും തൊഴിൽ പരിശീലനങ്ങൾ നല്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലാണ്. |
| (സി) | ജല അതോറിറ്റിയുടെ കീഴിലുള്ള റസ്റ്റ് ഹൗസുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകയ്ക്ക് നല്കി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അതോറിറ്റിയുടെ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും മനുഷ്യ വിഭവവും ഉപയോഗിച്ച് ജലേതര വരുമാനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കൊണ്ട് കൂടുതൽ പദ്ധതികൾ അതോറിറ്റിയുടെ പരിഗണനയിലാണ്. ഇതിൽ കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ഗസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനും, പുതിയ ഗസ്റ്റ് ഹൗസുകൾ നിർമ്മിച്ച് ഓൺലൈൻ ബുക്കിംഗ് സംവിധാനം വഴി പൊതുജനങ്ങൾക്കും നൽകുന്നതിനും പദ്ധതിയുണ്ട്. അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ടൂറിസം സാധ്യതകൾ വികസിപ്പിക്കുക, അതോറിറ്റിയുടെ സ്ഥലങ്ങൾ, ആസ്തികൾ എന്നിവ പ്രയോജനപ്പെടുത്തി ഊർജ്ജ സംരക്ഷണ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ, വെല്ലിങ്ടൺ വാട്ടർ വർക്ക്സും ഘടകങ്ങളും അതോറിറ്റി ഹെഡ് ഓഫീസ് പരിസരവും സാംസ്കാരികവും, വിദ്യാഭ്യാസപരവുമായി ആകർഷകമാക്കുന്നതിനുള്ള പദ്ധതികൾ, കേരള വാട്ടർ അതോറിറ്റിയുടെ ചരിത്ര പ്രദർശനം (വാട്ടർ മ്യൂസിയം), വാണിജ്യകേന്ദ്രങ്ങൾ, ഓഫീസ് സമുച്ചയങ്ങൾ, പരസ്യ ബോർഡുകൾ, പാർക്കിംഗ് സൗകര്യം തുടങ്ങിയ പരമാവധി വരുമാനം ലഭിക്കുന്ന പദ്ധതികളും പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ